1566
10/2/15

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- കേരള സാമൂഹ്യ സുരക്ഷാ മിഷൻ - `സ്നേഹപൂർവ്വം' പദ്ധതി - ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിന് സമയപരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (സാധാ)നം.54/2015/സാനീവ തിരുവനന്തപുരം, തീയതി, 02.02.2015

---

പരാമർശം:- 1. സ.ഉ.(എം.എസ്)നം.83/2014/സാനീവ തീയതി 10.10.2014
2. സാമൂഹ്യസുരക്ഷാമിഷന്റെ 24.12.2014ലെ പി5-10361/14 നം. കത്ത്

**ഉത്തരവ്**

മാതാപിതാക്കൾ രണ്ടുപേരുമോ അല്ലെങ്കിൽ ഒരാളോ നഷ്ടപ്പെട്ടുപോയതിനാൽ പഠനം തുടരാൻ കഴിയാത്ത പാവപ്പെട്ട കുട്ടികൾക്ക് സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ വഴി വിദ്യാഭ്യാസ ധനസഹായം അനുവദിയ്ക്കുന്ന `സ്നേഹപൂർവ്വം' പദ്ധതിയുടെ മാനദണ്ഡങ്ങൾ 10.10.2014-ലെ പരാമർശ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. അതനുസരിച്ച് 2014-15 വർഷം മുതൽ അപേക്ഷകൾ, വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി മുഖേന ഓൺലൈനായി എല്ലാ വർഷവും ഒക്ടോബർ 31-ാം തീയതിക്കകം സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭിച്ചിരിക്കേണ്ടതാണ്. എന്നാൽ മിക്ക സ്ഥാപനമേധാവികൾക്കും വളരെ വൈകിയാണ് ഈ ഉത്തരവ് ലഭിച്ചത്. മാത്രമല്ല ഇക്കാര്യത്തിനായുള്ള സാമൂഹ്യ സുരക്ഷാ മിഷന്റെ സോഫ്റ്റവെയറുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തീകരിക്കുവാനും അധിക സമയം ആവശ്യമായി വന്നിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരാമർശ സർക്കാർ ഉത്തരവിലെ ഖണ്ഡിക 9 താഴെ പറയും പ്രകാരം ഭേദഗതി ചെയ്തു ഉത്തരവാകുന്നു.

"2014-15 അദ്ധ്യായന വർഷത്തേയ്ക്കു മാത്രം `സ്നേഹപൂർവ്വം' അപേക്ഷകൾ 28.2.2015 വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്ത് അപ്ലോഡ് ചെയ്യുന്നതിന് അനുമതി നൽകുന്നു."

മേൽപറഞ്ഞ മാറ്റങ്ങൾക്ക് വിധേയമായി പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, കെ.എസ്.എസ്.എം, പൂജപ്പുര, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.